**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1350** **11-09-2023 - ൽ മറുപടിയ്ക്ക്**

**വാളാട് പി.എച്ച്.സി.യുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിലെ വാളാട് പി.എച്ച്.സി.യുടെ കെട്ടിട നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | നിലവിൽ പദ്ധതിയ്ക്കായി വിട്ടു നൽകിയിട്ടുള്ള സ്ഥലം വളരെ അധികം ചരിവുള്ളതായതിനാൽ ടി സ്ഥലത്ത് വലിയ തോതിലുള്ള മണ്ണ് നീക്കം ചെയ്യേണ്ടിവരുന്നുണ്ട്. മണ്ണ് നീക്കം ചെയ്യുന്നതിന്റെ അളവ് പരമാവധി കുറച്ച്, ഭൂമിയുടെ സ്വാഭാവിക ഘടന നിലനിർത്തിക്കൊണ്ട് കെട്ടിടം നിർമ്മിക്കുന്ന രീതിയിലുള്ള പ്ലാനാണ് ആർക്കിടെക്റ്റ് വിഭാഗം രൂപകല്പന ചെയ്തത്. അത് പ്രകാരം തയ്യാറാക്കിയ പ്ലാനിൽ ആരോഗ്യ വകുപ്പ് പലവട്ടം മാറ്റങ്ങൾ നിർദ്ദേശിച്ചതിന്റെ ഭാഗമായി ഡ്രോയിംഗ് പുതുക്കേണ്ടി വന്നതിനാലാണ് പ്രവൃത്തിയുടെ നിർമ്മാണം വൈകുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെ സ്വീകരിച്ച നടപടികളും ആയത് എപ്പോൾ തുടങ്ങാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (ബി) | 26.02.2021 ന് പി.എച്ച്.സി വാളാട് പദ്ധതിക്കായി പുതുക്കിയ ഭരണാനുമതി ലഭിച്ചു. ആർക്കിടെക്റ്റ് ഡ്രോയിംഗ് തയ്യാറാക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ ചെയ്യുന്നതിനായി അതിർത്തി നിർണ്ണയിച്ചു നൽകുവാൻ ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെട്ടുകയുണ്ടായി. ആയത് നിർണ്ണയിച്ച് നൽകിയതിന്റെ ഭാഗമായി 12/01/2022 ന് പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം മുഖേന ടോട്ടൽ സ്റ്റേഷൻ സർവ്വേയും സോയിൽ ഇൻവെസ്റ്റിഗേഷനും നടത്തുകയും 17/01/2022 ന് ലഭിച്ച റിപ്പോർട്ട് ആർക്കിടെക്റ്റിന് കൈമാറുകയുമുണ്ടായി. 30/03/2022 ന് ചീഫ് ആർക്കിടെക്റ്റ്, മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം സന്ദർശിക്കുകയും ആർക്കിടെക്റ്റ് ഡ്രോയിംഗ് തയ്യാറാക്കുന്നതിനായി ഡീറ്റെയിൽഡ് റിക്വയർമെന്റ്സ് 11/05/2022 ന് ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 06/09/2022 ന് ആർക്കിടെക്റ്റ് ഡ്രോയിംഗ് തയ്യാറാക്കി. എന്നാൽ 25/10/2022 ന് ആരോഗ്യ വകുപ്പ് പ്ലാനിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചു. 15/05/2023 ന് വീണ്ടും ആർക്കിടെക്റ്റ് ഡ്രോയിംഗ് നൽകിയെങ്കിലും പ്രസ്തുത |

| | | | |
|---|---|---|---|
| | | | പ്ലാനിലും ചില മാറ്റം വരുത്തുന്നതിന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചു. അതിൻ പ്രകാരം ചീഫ് ആർക്കിടെക്റ്റ് ഓഫീസിൽ പുതിയ പ്ലാൻ രൂപകൽപ്പന ചെയ്തുവരികയാണ്. |
| (സി) | പദ്ധതിയുടെ ആർക്കിടെക്ചർ ഡിസൈൻ പൂർത്തിയായി കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | നിലവിൽ ഫൈനൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് പൂർത്തീകരിച്ച് എക്സിക്യൂട്ടീവ് എൻജിനീയർക്ക് 07/08/2023 ന് സമർപ്പിച്ചിട്ടുണ്ട്. ആയതിന് ആരോഗ്യ വകുപ്പ് അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ